**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 294** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയ്ക്ക് ബിസിനസ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയിൽ മുന്നേറ്റമുണ്ടാക്കുന്നതിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ബിസിനസ് കമ്പനിയുടെ പ്രവർത്തനങ്ങൾ ഏതുരീതിയിൽ നടപ്പാക്കണമെന്നതിൽ കർഷക പ്രതിനിധികളുടെ അഭിപ്രായം തേടിയിട്ടുണ്ടോ; കർഷകർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരം നൽകുമോ; വിശദമാക്കാമോ; | (എ) | ഇല്ല, എന്നാൽ കാബ്കോ രൂപീകരണത്തിൽ കർഷകപ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കമ്പനിയ്ക്ക് പ്രൊഫഷണൽ സഹായം ഉണ്ടാകുമോയെന്നും കമ്പനി വഴി കാർഷിക മേഖലയിൽ വൈവിധ്യവൽക്കരണം നടപ്പാകുമോയെന്നും വിപണി വിപുലപ്പെടുത്തുമോയെന്നും വ്യക്തമാക്കാമോ? | (ബി) | കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ കാർഷിക മേഖലയിലെ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപണനം എന്നിവ വിപുലീകരിക്കുന്നതിനാണ് അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന അഗ്രോപാർക്കുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവയുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിപണി വിപുലപ്പെടുത്തുന്നതിനും പ്രസ്തുത കമ്പനിയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സാധിക്കുന്നതാണ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന അഗ്രോ പാർക്കുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി 10/09/2021-ലെ സ.ഉ.(സാധാ)നം. 724/2021/കൃഷി ഉത്തരവ് പ്രകാരം കാർഷിക വ്യാപാര മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന റിപ്പോർട്ട് സർക്കാർ വിവിധ തലങ്ങളിൽ പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ